# ഗ്രാമ ന്യായാലയ തേങ്കുറിശ്ശി, പാലക്കാട്

ഹാജർ :-ശ്രീമതി. ധനുജ വെട്ടത്ത് (BA, LLB ), ന്യായാധികാരി.

2026 മാർച്ച് മാസം 28 -ആം തിയ്യതി/1948 ചൈത്രം 07 -ആം തിയ്യതി

**കേസ് നമ്പർ : എസ്. ടി. 133/2024**

(കുഴൽമന്ദം പോലീസ് സ്റ്റേഷൻ ക്രൈം : 183/24)

| | |
|---|---|
| വാദി/പരാതിക്കാരൻ | സ്റ്റേറ്റിനെ പ്രതിനിധികരിച്ച് സ്റ്റേഷൻ ഹൗസ് ഓഫീസർ, കുഴൽമന്ദം പി.എസ്.<br>**പ്രതിനിധീകരിക്കുന്നത് : കുമാരി. വഹീദ ടി.എ. അസിസ്റ്റൻറ് പബ്ലിക് പ്രോസികൂട്ടർ** |
| പ്രതി | ശിവപ്രസാദ്, 30/24 വയസ്സ്, കണ്ണൻ മകൻ, കൈലാസം, ഇടിയംപ്പൊറ്റ, അയില്ലൂർ, പാലക്കാട്<br>**അഭിഭാഷകൻ: അഡ്വ. എ. കെ ബാലസുബ്രമണ്യം** |
| വകുപ്പ് | ഇന്ത്യൻ ശിക്ഷാ നിയമം 279, 304 A വകുപ്പുകൾ |
| പ്രതിയുടെ വാദം | കുറ്റം ചെയ്തിട്ടില്ല. |
| കണ്ടെത്തൽ | കുറ്റം ചെയ്തിട്ടില്ല. |
| ഉത്തരവ് | പ്രതിയെ ഭാരതീയ നാഗരിക സുരക്ഷാ സംഹിതയുടെ 278(1) വകുപ്പ പ്രകാരം കുറ്റവിമുക്തനാക്കിയിരിക്കുന്നു. |

## പ്രതിയുടെ വിവരങ്ങൾ

| ക്രമ നമ്പർ | പോലീസ് സ്റ്റേഷൻ, ക്രൈം നമ്പർ | പേര് | വയസ്സ് | അച്ഛന്റെ പേര് | ജോലി | വില്ലേജ് | താലൂക്ക് |
|---|---|---|---|---|---|---|---|
| 1. | കുഴൽമന്ദം, ക്രൈം നമ്പർ 183/24 | ശിവപ്രസാദ് | 30/24 | കണ്ണൻ | - | നെന്മാറ | ചിറ്റൂർ |

## തീയതികൾ

| സംഭവം നടന്നത് | വിവരം ലഭിച്ച തിയതി | പ്രതി ഹാജരായത്/ അറസ്റ്റിലായത് | ജാമ്യം നൽകിയത് | വിചാരണ തുടങ്ങിയത് |
|---|---|---|---|---|
| 14.03.2024 | 14.03.2024 | 23.03.3024 | 23.03.2024 | 19.06.2025 |
| വിചാരണ അവസാനിച്ചത് | ഉത്തരവ് | | കാലതാമസം | |
| 25.03.2026 | 28.03.2026 | | കോടതിയിൽ പതിവ് സിറ്റിങ് ഇല്ല. | |

ഈ വ്യവഹാരം 25.03.2026 തിയതി ഇരുഭാഗത്തെയും വാദം കേട്ട് പൂർത്തിയായതിനാൽ താഴെ പറയുന്ന വിധിന്യായം ഇന്നേ ദിവസം തുറന്ന കോടതിയിൽ പ്രസ്താവിച്ചിരിക്കുന്നു.

## വിധിന്യായം

1. കുഴൽമന്ദം പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ പ്രതിക്കെതിരെ ഇന്ത്യൻ ശിക്ഷാനിയമം 279, 304A വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റം ചുമത്തി ക്രൈം

നമ്പർ 183/24 ആയി സമർപ്പിച്ച അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉത്ഭവിച്ച വ്യവഹാരമാണിത്.

2. 14.03.2024 തിയതി 18.45 മണിയ്ക്ക് പ്രതി KL 70 A 9802 നമ്പർ മോട്ടോർ സൈക്കിളിന്റെ ഡ്രൈവറായി ചുമതല വഹിച്ച് തൃശ്ശൂർ - പാലക്കാട് NH 544 റോഡിലൂടെ പാലക്കാട് നിന്നും തൃശ്ശൂർ ഭാഗത്തേയ്ക്ക് അതിവേഗതയിലും അശ്രദ്ധമായും മനുഷ്യജീവന് അപകടം വരത്തക്ക വിധത്തിൽ ഓടിച്ച് വന്ന് ചിതലി പാലത്തിന് സമീപം NH റോഡിൽ റോഡ് മുറിച്ച് കടക്കുകയായിരുന്ന 1-ആം സാക്ഷിയുടെ അമ്മുമ്മ കാളുക്കുട്ടിയെ ഇടിച്ചതിൽ വെച്ച് റോഡിൽ തെറിച്ചുവീണ് തലയ്ക്ക് ഗുരുതരപരിക്ക് പറ്റി ആലത്തൂർ ക്രെസന്റ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരണപ്പെടാൻ ഇടയാകയാൽ പ്രതി മേൽവകുപ്പ് പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിരിക്കുന്നു എന്നതാണ് കുറ്റച്ചുരുക്കം.

3. പ്രതിയെ നിയമാനുസരണം അറസ്റ്റ് ചെയ്ത് മതിയായ ജാമ്യത്തിൽ പോലീസ് സ്റ്റേഷനിൽ നിന്ന് തന്നെ വിട്ടയച്ചിട്ടുള്ളതാണ്.

4. ക്രിമിനൽ നടപടിയുടെ 173- ആം വകുപ്പ് പ്രകാരമുള്ള ഈ വ്യവഹാരത്തിലെ കുറ്റപത്രം പരിശോധിച്ച് പരിഗണനയ്ക്കെടുക്കുവാൻ തക്ക കാരണങ്ങൾ കുറ്റപത്രത്തിൽ ഉണ്ട് എന്ന് കണ്ട് മേൽ നമ്പർ കേസിൽ പ്രതിക്ക് കോടതിയിൽ ഹാജരാകാനുള്ള കൽപ്പന അയച്ചു.

5. പ്രതി ജാമ്യക്കാർ സഹിതം കോടതിയിൽ ഹാജരായി ജാമ്യത്തിന് അർഹനായതിനാൽ പ്രതിയെ ജാമ്യത്തിൽ വിട്ടു.

6. ഭാരതീയ നാഗരിക സുരക്ഷാ സംഹിതയുടെ 231- ആം വകുപ്പ് പ്രകാരം എല്ലാ രേഖകളും നൽകി. പ്രതിക്ക് സ്വന്തമായി അഭിഭാഷകൻ ഉള്ളതും ടിയാൻ അവ പൂർണവും സ്പഷ്ടവും ആണെന്ന് സമ്മതിച്ച് സമർപ്പിച്ചതിനാൽ ഭാരതീയ നാഗരിക സുരക്ഷാ സംഹിതയുടെ 231-ആം വകുപ്പ് പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി.

7. പ്രതിക്ക് ടിയാൻ ചെയ്തു എന്ന് ആരോപിക്കപ്പെടുന്ന ഇന്ത്യൻ ശിക്ഷാ നിയമം 279, 304A വകുപ്പുകൾ പ്രകാരമുള്ള കുറ്റസാരാംശം പറഞ്ഞ് മനസ്സിലാക്കി കൊടുക്കുകയും കുറ്റം ചെയ്തിട്ടുണ്ടോ എന്ന് അന്വേഷിച്ചതിൽ കുറ്റം നിഷേധിക്കുകയും വിചാരണ നേരിടാൻ തയ്യാറാണെന്ന് അറിയിക്കുകയും ചെയ്തു.

8. പ്രോസിക്യൂഷൻ ഭാഗം തെളിവിലേക്കായി PW1 മുതൽ PW12 വരെയുള്ള സാക്ഷികളെ വിസ്തരിക്കുകയും Ext.P1 മുതൽ P13 വരെയുള്ള രേഖകൾ തെളിവിൽ സ്വീകരിച്ചു. ഇൻക്വസ്റ്റ് സാക്ഷിയായി CW4 നെ വിസ്തരിച്ചതിനാൽ മറ്റു സാക്ഷികളായ CW5 മുതൽ CW12 വരെയുള്ളവരേയും, CW18 നേയും സംഭവസ്ഥല മഹസർ സാക്ഷിയായി CW14 നെ വിസ്തരിച്ചതിനാൽ CW13 നേയും വിസ്തരിക്കുന്നില്ല എന്ന് ആദരണീയയായ അസിസ്റ്റൻറ് പബ്ലിക്ക് പ്രോസിക്യൂട്ടർ തീരുമാനം അറിയിച്ചു ഇതോടെ വിചാരണ ഭാഗം തെളിവ് അവസാനിച്ചു.

9. പ്രതിയെ ഭാരതീയ നാഗരിക സുരക്ഷാ സംഹിത 351 (1) (b) വകുപ്പ് പ്രകാരം ചോദ്യം ചെയ്തു. പ്രതി തെളിവുകൾ നിഷേധിക്കുകയും താൻ നിരപരാധിയാണെന്ന് ആവർത്തിക്കുകയും ചെയ്തു.

10. പ്രതിഭാഗം തെളിവൊന്നും ഹാജരാക്കിയില്ല.

11. ഇരുഭാഗത്തിന്റെ വാദം കേട്ടു. ഹാജരാക്കിയ തെളിവുകൾ പരിഗണിക്കുകയും ചെയ്തു.

12. താഴെപ്പറയുന്ന സംഗതികളാണ് ഈ കേസിൽ തീരുമാനിക്കപ്പെടേണ്ടത്.

    1) പ്രതി 14.03.2024 തിയതി 18.45 മണിയ്ക്ക് KL 70 A 9802 നമ്പർ മോട്ടോർ സൈക്കിൾ അതിവേഗതയിലും അശ്രദ്ധമായും മനുഷ്യജീവന് അപകടം വരത്തക്ക വിധത്തിലും ഓടിച്ചതായി പ്രോസിക്യൂഷൻ തെളിയിച്ചിട്ടുണ്ടോ?
    2) പ്രോസിക്യൂഷൻ ആരോപിക്കുന്നത് പോലെ മനഃപൂർവമല്ലാത്ത നരഹത്യയല്ലാത്ത എന്തെങ്കിലും വേഗതയിലൂടെയോ അശ്രദ്ധമായ

പ്രവൃത്തിയിലൂടെയോ കാളുക്കുട്ടിയുടെ മരണത്തിന് പ്രതി കാരണമായിട്ടുണ്ടോ?

3) പ്രതി കുറ്റക്കാരാണെന്ന് കണ്ടെത്തിയാൽ എന്താണ് ശിക്ഷ?

13. **<u>ഒന്ന് മുതൽ രണ്ട് വരെയുള്ള സംഗതികൾ :-</u>** വസ്തുതകളുടെ ആവർത്തനം ഒഴിവാക്കുവാനും അവലോകന സൗകര്യത്തിനുമായി ഒന്നു മുതൽ രണ്ടു വരെയുള്ള സംഗതികൾ ഒരുമിച്ച് പരിഗണിക്കുന്നു.

14. വാഹനാപകടത്തിൽ പരിക്കുപറ്റി മരണപ്പെട്ട കാളുകുട്ടി തന്റെ അമ്മുമ്മയാണെന്നും താൻ നൽകിയ പരാതിയാണ് Ext.P1 എന്നും PW1 മൊഴി നൽകി.

15. തനിക്ക് ചിതലിപാലത്ത് ലോട്ടറി കച്ചവടമാണെന്നും ബസ്സ്റ്റോപ്പിൽ നിന്ന് സംഭവം കണ്ടു എന്നും 2024 മാർച്ച് 14 ന് വൈകിട്ട് 6:45 മണിക്ക് ചിതലി പാലത്ത് വെച്ചാണ് സംഭവം എന്നും കുഴൽമന്ദത്ത് നിന്ന് വന്ന ബൈക്ക് കാളുക്കുട്ടിയമ്മ റോഡ് ക്രോസ് ചെയ്യുന്ന സമയം ഇടിച്ചു എന്നും ആളുകൾ ഓടിക്കൂടി ക്രസന്റ് ഹോസ്പിറ്റലിൽ കൊണ്ടുപോയി എന്നും കുഴൽമന്ദത്ത് നിന്നു വരുമ്പോൾ ഇടതുഭാഗത്തു നിന്നും വലതു ഭാഗത്തേയ്ക്ക് കാളുക്കുട്ടിയമ്മ പോവുകയായിരുന്നു എന്നും ഡോക്ടർ പരിശോധിച്ച് തൃശ്ശൂർ ഹോസ്പിറ്റലിൽ കൊണ്ടുപോകാൻ പറഞ്ഞുവെന്നും ആ സമയത്ത് മരണപ്പെട്ടു എന്നും അപകടം ഉണ്ടാകാനുള്ള കാരണം ക്രോസ് ചെയ്തതാണ് എന്നും അമ്മ റോഡ് ക്രോസ് ചെയ്യുന്ന സമയം വണ്ടി വന്നു ഇടിച്ചു എന്നും ബൈക്ക് ഓടിച്ചയാൾ കോടതിയിൽ പ്രതിക്കൂട്ടിൽ നിൽക്കുന്നുണ്ടെന്നും വണ്ടിയുടെ നമ്പർ KL 70 A 9802 ആണെന്നും പോലീസ് മൊഴി എടുത്തെന്നും എതിർവിസ്താരത്തിൽ സംഭവം നടന്ന തിയതി തൊട്ടടുത്ത വീട്ടിലെ സ്ത്രീയായതിനാലാണ് ഓർത്തിരുന്നത് എന്നും കാളുഅമ്മയ്ക്ക് 80 വയസ്സുണ്ടെന്നും ഇടതുഭാഗത്തുനിന്ന് കയറി വരുമ്പോൾ താഴ്ചയുള്ള സ്ഥലമാണെന്നും താൻ ബസ്സ്റ്റോപ്പിൽ ആയിരുന്നെന്നും താനും വാസുവും ഇടതുഭാഗത്ത് ഉണ്ടായിരുന്നുവെന്നും അമ്മ റോഡിന്റെ നടുവിൽ കടന്ന് വലതുഭാഗത്ത് എത്താറായി എന്നും താൻ ഇടികഴിഞ്ഞ് ശബ്ദം കേട്ടാണ് ശ്രദ്ധിക്കുന്നത് എന്നും ഇടിക്കുന്നത് കണ്ടില്ലായെന്നും PW2 മൊഴി നൽകി.

16. തനിക്ക് ഓട്ടോറിക്ഷ ഉണ്ടെന്നും ചിതലിപാലത്താണ് ഓട്ടോ ഓടിക്കുന്നത് എന്നും സംഭവം കണ്ടിരുന്നു എന്നും ചിതലിപാലം ബസ്സ്റ്റോപ്പിന് ഇടതുവശത്ത് കുഴൽമന്ദത്ത് നിന്നും വരുമ്പോഴാണെന്നും കാളുകുട്ടിയമ്മ ഇടതു ഭാഗത്തുനിന്നും റോഡ് ക്രോസ് ചെയ്യുന്ന സമയം കുഴൽമന്ദത്തുനിന്നും വന്ന ബൈക്ക് ഇടിച്ചു എന്നും തന്റെ ഓട്ടോയിൽ ആലത്തൂർ ക്രസന്റ് ഹോസ്പിറ്റലിൽ കൊണ്ടുപോയി എന്നും തൃശ്ശൂർ കൊണ്ടുപോകാൻ പറഞ്ഞപ്പോഴേക്കും മരിച്ചു എന്നും അപകടം ഉണ്ടാകാനുള്ള കാരണം കുഴൽ കുഴൽമന്ദം ഭാഗത്തുനിന്നും വന്ന ബൈക്ക് അമ്മ ക്രോസ് ചെയ്യുന്ന സമയത്ത് ഇടിച്ചതാണെന്നും ബൈക്ക് ഓടിച്ചയാളെ കണ്ടാൽ അറിയാം എന്നും ഇന്ന് കോടതിയിലുണ്ട് എന്നും താൻ സംഭവസ്ഥലത്ത് ഉണ്ടായിരുന്നതിനാലാണ് വണ്ടി ഓടിച്ചത് അയാളാണെന്ന് മനസ്സിലായത് എന്നും പോലീസിന് സംഭവസ്ഥലം കാണിച്ചു കൊടുത്തിരുന്നു എന്നും താൻ ഇടതുഭാഗത്ത് രജിസ്റ്റർ ഓഫീസിന് അടുത്താണ് ഓട്ടോ നിർത്താറുള്ളത് എന്നും താൻ ഓട്ടോയുടെ മുൻപിൽ ഉണ്ടായിരുന്നു എന്നും കാളക്കുട്ടിയമ്മ ഹൈവേയുടെ പകുതി ക്രോസ് ചെയ്തു കഴിഞ്ഞിരുന്നു എന്നും താനാണ് ആദ്യം ഓടിയെത്തിയത് എന്നും ബൈക്കിടിച്ച് വീഴുന്നത് താൻ കണ്ടു എന്നും വണ്ടി നല്ല സ്പീഡിൽ വരുന്നുണ്ടായിരുന്നു എന്നും എതിർവിസ്താരത്തിൽ സംഭവസ്ഥലം ബസ്സ് കയറാൻ വരുന്ന സ്ഥലമാണെന്നും ഓട്ടോസ്റ്റാന്റ് കുഴൽമന്ദത്ത് നിന്ന് വരുമ്പോൾ ഇടതുവശത്താണെന്നും താൻ ഇടതുഭാഗത്ത് രജിസ്റ്റർ ഓഫീസിന് അടുത്താണ് ഓട്ടോറിക്ഷ നിർത്താറുള്ളത് എന്നും ഓട്ടോ നിർത്തുന്ന ഭാഗവും ഹൈവേയും തമ്മിൽ ചെറിയ താഴ്ചയുണ്ട് എന്നും താൻ ഓട്ടോയുടെ മുൻപിൽ ഉണ്ടായിരുന്നുവെന്നും കാളുക്കുട്ടിയമ്മ ഹൈവേയുടെ പകുതി ക്രോസ് ചെയ്ത് കഴിഞ്ഞിരുന്നുവെന്നും ധാരാളം വണ്ടികൾ ഹൈവേയിൽ പോയിരുന്നില്ല എന്നും കാളുകുട്ടിയമ്മ ചെറിയ താഴ്ചയിൽ നിന്ന് മുകളിലേക്ക് കയറിയാണ് വന്നത് എന്നും താൻ ആദ്യം ഓടിയെത്തി പിന്നെ വിജയകുമാറും മറ്റാളുകളും വന്നു എന്നും ഇടിയുടെ ശബ്ദം കേട്ടാണ് താൻ നോക്കിയത് ബൈക്കിടിച്ച് വീഴുന്നത് താൻ കണ്ടു എന്നും താൻ ആ സമയത്ത് അവിടെ ഉണ്ടായിരുന്നുവെന്നും ബൈക്കിന്റെ പുറകിൽ ആരും ഉണ്ടായിരുന്നില്ല എന്നും വണ്ടി നല്ല സ്പീഡിൽ വന്നു എത്ര കിലോമീറ്റർ സ്പീഡ് എന്ന് അറിയില്ല എന്നും PW3 മൊഴി നൽകി.

17. മരണപ്പെട്ട കാളുകുട്ടിയമ്മയുടെ ഇൻക്വസ്റ്റ് റിപ്പോർട്ട് ആണ് Ext.P2 എന്നും ആയതിൽ താൻ സാക്ഷിയായി ഒപ്പിട്ടു എന്നും PW4 മൊഴി നൽകി.

18. Ext.P3 സംഭവസ്ഥല മഹസറിൽ സാക്ഷിയായി ഒപ്പിട്ടു എന്നും താനും ഫ്രണ്ട്സും ഉണ്ടായിരുന്നു എന്നും ഒരു 15 മിനിറ്റ് പോലീസ് ഉണ്ടായിരുന്നു എന്നും എതിർ വിസ്താരത്തിൽ ഒപ്പിട്ടു കൊടുക്കുന്ന സമയത്ത് താനും ഫ്രണ്ട്സും ഉണ്ടായിരുന്നു എന്നും ദേവൻ എന്നയാളും ഉണ്ടായിരുന്നു എന്നും താൻ കടയിൽ പോയ സമയത്ത് പോലീസിനെ കണ്ടു എന്താണെന്ന് നോക്കാൻ പോയി പോലീസ് സംഭവം നടന്ന സ്പോട്ട് കാണിച്ചുതന്നു തൃശ്ശൂർ പോകുന്ന രണ്ടുവരി പാതയുടെ റോഡിലേയ്ക്ക് കയറുന്ന ഭാഗത്താണ് ഇടിച്ചത് എന്നും ഒപ്പിട്ടു കൊടുത്ത സംഗതി വായിച്ചു നോക്കിയിട്ടുണ്ട് എന്നും താനിപ്പോൾ പറഞ്ഞ സ്ഥലത്താണ് അപകടം നടന്നത് എന്ന് അതിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും PW5 മൊഴി നൽകി.

19. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറായി ക്രസന്റ് ഹോസ്പിറ്റലിൽ ജോലി ചെയ്തു വരവേ വാഹനാപകടത്തിൽ പരിക്കു പറ്റിയ കാളുകുട്ടിയെ പരിശോധിച്ചു എന്നും താൻ നൽകിയ സർട്ടിഫിക്കറ്റ് ആണ് Ext.P4 എന്നും എതിർവിസ്താരത്തിൽ റോഡ് അപകടത്തിൽ ഉണ്ടായ പരിക്കാണെന്ന് പരിക്കുപറ്റിയ ആളുടെ കൂടെ വന്നയാൾ പറഞ്ഞുള്ള അറിവാണെന്ന് PW6 മൊഴി നൽകി.

20. ആലത്തൂർ SRTO യിൽ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ആയി ജോലി ചെയ്യുന്ന സമയം KL 70 A 9802 നമ്പർ മോട്ടോർസൈക്കിൾ പരിശോധന നടത്തി എന്നും വാഹനത്തിന് യാന്ത്രിക തകരാറുകൾ ഉണ്ടായിരുന്നില്ല എന്നും താൻ നൽകിയ സർട്ടിഫിക്കറ്റ് ആണ് Ext.P5 എന്നും PW7 മൊഴി നൽകി.

21. ആലത്തൂർ താലൂക്ക് ഹോസ്പിറ്റലിൽ ജോലി ചെയ്തു വരവേ കാളുക്കുട്ടി എന്ന സ്ത്രീയുടെ പോസ്റ്റ്മോർട്ടം നടത്തി എന്നും തലയ്ക്കും ലിവറിനും ഉണ്ടായ പരിക്കാണ് മരണകാരണമെന്നും താൻ നൽകിയ സർട്ടിഫിക്കറ്റ് ആണ് Ext.P6 എന്നും PW8 മൊഴി നൽകി.

22. കുഴൽമന്ദം 1 വില്ലേജ് ഓഫീസർ ആയിരിക്കെ സംഭവസ്ഥലത്തിന്റെ സീൻ പ്ലാൻ തയ്യാറാക്കി ആയതാണ് Ext.P7 എന്നും സ്ഥലം പരിശോധിച്ചിരുന്നു എന്നും PW9 മൊഴി നൽകി.

23. താൻ കുഴൽമന്ദം പോലീസ് സ്റ്റേഷനിൽ സബ് ഇൻസ്പെക്ടറായി ജോലി ചെയ്തു വരവേ അന്യായക്കാരൻ സ്റ്റേഷനിൽ ഹാജരായി തന്ന Ext.P1 മൊഴിയുടെ അടിസ്ഥാനത്തിൽ Ext.P8 എഫ്ഐആർ രജിസ്റ്റർ ചെയ്തുവെന്നും റോഡ് ക്രോസ് ചെയ്ത് സമയത്താണ് ആക്സിഡന്റ് നടന്നത് എന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്നും അപ്രകാരമാണ് മൊഴിയിൽ പറഞ്ഞിട്ടുള്ളത് എന്നും PW10 മൊഴി നൽകി.

24. കുഴൽമന്ദം പോലീസ് സ്റ്റേഷനിൽ സബ് ഇൻസ്പെക്ടറായി ജോലിചെയ്തുവരവെ അന്യായക്കാരൻ ഹാജരാക്കി തന്ന Ext.P1 മൊഴിയുടെ അടിസ്ഥാനത്തിൽ Ext.P8 എഫ്ഐആർ രജിസ്റ്റർ ചെയ്തു എന്നും അപകടത്തിൽ മരണപ്പെട്ട കാളുക്കുട്ടി എന്ന സ്ത്രീയുടെ മൃതദേഹം ക്രസന്റ് ഹോസ്പിറ്റലിൽ വെച്ച് ഇൻക്വസ്റ്റ് തയ്യാറാക്കി ആയതിന്റെ ഇൻക്വസ്റ്റ് റിപ്പോർട്ട് ആണ് Ext.P2 എന്നും സംഭവസ്ഥലമഹസർ തയ്യാറാക്കി ആയതാണ് Ext.P3 എന്നും കേസിൽ ഉൾപ്പെട്ട വാഹനം ബന്ധവസിൽ എടുത്തു എന്നും പ്രതിയായ താങ്കളെ സാക്ഷികൾ കണ്ടു തിരിച്ചറിഞ്ഞു എന്നും താങ്കളുടെ അറസ്റ്റ് Ext.P9 അറസ്റ്റ് മെമ്മോ പ്രകാരം രേഖപ്പെടുത്തി എന്നും Ext.P10 പ്രകാരം ജാമ്യത്തിൽ വിട്ടു എന്നും പൂർണമായ പേരും മേൽവിലാസവും രേഖപ്പെടുത്തി Ext.P11 റിപ്പോർട്ട് സമർപ്പിച്ചു എന്നും വാഹനത്തിന്റെ വെഹിക്കിൾ പെർട്ടിക്കുലേഴ്സ് തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ട് ആണ് Ext.P12 എന്നും വണ്ടി പരിശോധനയ്ക്ക് ശേഷം Ext.P13 പ്രകാരം ഓണറുടെ ബന്ധുവിന് വിട്ടുകൊടുത്തു എന്നും സാക്ഷികളുടെ മൊഴി രേഖപ്പെടുത്തി എന്നും അറസ്റ്റ് ചെയ്ത പ്രതിയെ കണ്ടാൽ തിരിച്ചറിയാം എന്നും കോടതിയിൽ ഉണ്ടെന്നും എതിർവിസ്താരത്തിൽ CW2, CW3 എന്നിവരുടെ മൊഴിപ്രകാരം കാളുക്കുട്ടി റോഡ് ക്രോസ് ചെയ്യുന്ന സമയം അപകടം സംഭവിച്ചു എന്നു കാണാൻ സാധിക്കുമെന്നും സാക്ഷികളുടെ മൊഴിപ്രകാരം പ്രതിയുടെ അശ്രദ്ധകൊണ്ട് അപകടം സംഭവിച്ചു എന്ന് കാണാൻ കഴിയില്ലെന്നും PW11 മൊഴി നൽകി.

25. കുഴൽമന്ദം സ്റ്റേഷനിൽ സബ് ഇൻസ്പെക്ടർ ആയിരിക്കെ 19-ആം സാക്ഷിയെ കണ്ട് മൊഴി രേഖപ്പെടുത്തി അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചു എന്ന് PW12 മൊഴി നൽകി.

26. ***അപകടം പ്രതിയുടെ ബൈക്കിന്റെ ഇടിയാൽ തന്നെയാണോ ഉണ്ടായത് എന്നും സംഭവത്തിൽ പ്രതിയുടെ പങ്ക് തെളിയിക്കാൻ പ്രോസിക്യൂഷന് കഴിഞ്ഞിട്ടുണ്ടോ എന്നാണ് ആദ്യം പരിശോധിക്കേണ്ടത്.***

27. PW2, PW3 എന്നിവർ ആണ് ദൃക്സാക്ഷികൾ. പ്രഥമവിസ്താരത്തിൽ PW2 നൽകിയ മൊഴി പ്രകാരം ടിയാൻ ബസ്സ് സ്റ്റോപ്പിൽ നിൽക്കുന്ന സമയത്ത് കാളുക്കുട്ടിയമ്മ ഇടത്തെ ഭാഗത്ത് നിന്ന് വലത് ഭാഗത്തേയ്ക്ക NH റോഡ് ക്രോസ് ചെയ്യുകയും കുഴൽമന്ദം ഭാഗത്തു നിന്ന് വന്ന ബൈക്ക് ഇടിച്ച് മരണപ്പെടുകയുമാണ് ഉണ്ടായത്. ടിയാന്റെ ബൈക്ക് നമ്പർ KL 70 A 9802 ആണെന്നും പ്രതി കോടതി മുറിയിൽ ഉണ്ടെന്നും പറഞ്ഞു. മേൽ മൊഴി പ്രകാരം PW2 ദൃക്സാക്ഷിയാണെന്ന് കാണാം. എന്നാൽ എതിർ വിസ്താരത്തിൽ അമ്മ റോഡിന്റെ നടുവിൽ കടന്ന് വലതുഭാഗത്ത് എത്താറായി എന്നും താൻ ഇടികഴിഞ്ഞ് ശബ്ദം കേട്ടാണ് ശ്രദ്ധിക്കുന്നത് എന്നും ഇടിക്കുന്നത് കണ്ടില്ലായെന്നും PW2 പറഞ്ഞു. മാത്രവുമല്ല ടിയാനും വാസു എന്ന മറ്റൊരാളും ബസ്സ് സ്റ്റോപ്പിൽ ഇടതു ഭാഗത്ത് ആയിരുന്നു. പ്രോസിക്യൂഷൻ അദ്ദേഹത്തെ ദൃക്സാക്ഷിയായി ചിത്രീകരിക്കുന്നു; പക്ഷേ അദ്ദേഹം അത് നിഷേധിക്കുന്നു. ഈ സാഹചര്യത്തിൽ ബൈക്കിന്റെ നമ്പർ പറഞ്ഞു തന്നു എങ്കിലും പ്രതിയെ കോടതിയിൽ പ്രതിക്കൂട്ടിൽ വെച്ച് തിരിച്ചറിഞ്ഞു എങ്കിലും പ്രതി അപകട സമയത്ത് വാഹനം ഓടിച്ചു എന്ന് തെളിയിക്കാൻ PW2 ന്റെ സാക്ഷ്യം മതിയാകില്ല.

28. മറ്റൊരു ദൃക്സാക്ഷിയായി കാണിച്ചിരിക്കുന്നത് PW3 യെ ആണ്. ടിയാൻ പ്രഥമ വിസ്താരത്തിൽ മരണപ്പെട്ട ആൾ ഇടത് ഭാഗത്ത് നിന്ന് ഹൈവേ ക്രോസ് ചെയ്തു വന്ന കാര്യവും താൻ അപകടം കണ്ടതും സംഭവ സമയത്ത് ടിയാൻ ഓഫീസിനു മുന്നിൽ നിൽക്കുകയായിരുന്നു എന്നും ബൈക്ക് സ്പീഡിൽ വന്നു എന്നും പറഞ്ഞ് പ്രോസിക്യൂഷനു അനുകൂലമായി മൊഴി നൽകി. എന്നാൽ ടിയാൻ എതിർ വിസ്താരത്തിൽ ഇടിയുടെ ശബ്ദം കേട്ടാണ് താൻ നോക്കിയത് എന്നും ബൈക്കിടിച്ച് വീഴുന്നത് കണ്ടു എന്നുമാണ് പറഞ്ഞത്. ഇത് PW3 യുടെ വിശ്വാസ്യതയെ ബാധിക്കുന്ന പ്രധാന വൈരുദ്ധ്യമായി കണക്കാക്കേണ്ടി വരും. പൂർണ്ണമായും

സ്ഥിരീകരിക്കപ്പെടാത്ത പക്ഷം അത്തരമൊരു സാക്ഷിയെ ആശ്രയിക്കാൻ കഴിയില്ല. PW2,PW3 എന്നീ സാക്ഷികളുടെ മൊഴികൾ കൊണ്ട് പ്രതിയാണ് അപകട സമയത്ത് വാഹനം ഓടിച്ചിരുന്നത് എന്ന് സംശയത്തിന് അതീതമായി തെളിയിക്കാൻ കഴിയില്ല.

29. ***അപകടത്തിന് കാരണം പ്രതിയുടെ ഭാഗത്തു നിന്നുള്ള അശ്രദ്ധയും അമിത വേഗതയും ആണെന്ന് തെളിയിക്കാൻ പ്രോസിക്യൂഷന് കഴിഞ്ഞിട്ടുണ്ടോ?***

30. വിശ്വസനീയമായ നേരിട്ടുള്ള തെളിവുകൾ അല്ലെങ്കിൽ ശാസ്ത്രീയ തെളിവുകൾ വഴി മനുഷ്യജീവന് അപകടമുണ്ടാക്കുന്ന തരത്തിൽ അശ്രദ്ധമായി അപാകമായി പ്രതി വാഹനം ഓടിച്ചു എന്ന് പ്രോസിക്യൂഷൻ തെളിയിക്കണം. യാതൊരു സാക്ഷികളുടെ മൊഴി കൊണ്ടും അപ്രകാരം കാണാൻ കഴിയില്ല. "അപകടം ഉണ്ടാകാനുള്ള കാരണം ക്രോസ് ചെയ്യതാണ്." എന്ന് മാത്രമാണ് PW2 പറയുന്നത്. ഹൈ സ്പീഡ് ആയിരുന്നു എന്ന PW3 യുടെ മൊഴി ആത്മനിഷ്ഠവും (subjective), പിന്തുണയ്ക്കാത്തതും (unsupported), പരസ്പരവിരുദ്ധവും (contradicted) ആണ്. Ext.P3 സീൻ മഹസറിലോ Ext.P7 സീൻ പ്ലാനിലോ സ്കിഡ് മാർക്കുകളില്ല, ശാസ്ത്രീയ തെളിവില്ല. അന്വേഷണ ഉദ്യോഗസ്ഥനായ PW11 ടിയാന്റെ എതിർ വിസ്താരത്തിൽ സാക്ഷികളുടെ മൊഴിപ്രകാരം പ്രതിയുടെ അശ്രദ്ധകൊണ്ട് അപകടം സംഭവിച്ചു എന്ന് കാണാൻ കഴിയില്ല എന്ന് വ്യക്തമായി സമ്മതിക്കുന്നുണ്ട്. ഇതിൽ നിന്നും പ്രതി അമിത വേഗതയിലും അശ്രദ്ധമായും ആണ് വാഹനം ഓടിച്ചത് എന്ന് തെളിയിക്കാൻ പ്രോസിക്യൂഷന് കഴിഞ്ഞിയിട്ടില്ല എന്ന നിഗമനത്തിൽ കോടതി എത്തിച്ചേർന്നിരിക്കുന്നു.

31. ***മരണപ്പെട്ട കാളകുട്ടി റോഡ് ക്രോസ് ചെയ്യ സമയത്ത് പ്രതിയുടെ ഭാഗത്തുനിന്ന് എന്തെങ്കിലും തരത്തിലുള്ള അശ്രദ്ധ ഉണ്ടായിട്ടുണ്ടോ?***

32. നാഷണൽ ഹൈവേയിൽ നടന്ന അപകടത്തിൽ ഹൈസ്പീഡ് റോഡിൽ സുരക്ഷിതമായ ഇടം നോക്കാതെ വാഹന ഗതാഗത യോഗ്യമായ ഭാഗത്ത് കൂടി അശ്രദ്ധമായി റോഡ് ചെയ്യതാണ് അപകട കാരണം എന്ന് പ്രതി ഭാഗം വാദം

ഉന്നയിച്ചു. PW2 ന്റെ മൊഴി പ്രകാരം "അപകടം ഉണ്ടാകാനുള്ള കാരണം ക്രോസ് ചെയ്തതാണ്." PW2, PW3 എന്നിവരുടെ മൊഴി അനുസരിച്ച് ഇടതുഭാഗത്തു നിന്ന് കയറി വരുമ്പോൾ താഴ്ചയുള്ള സ്ഥലമാണ്. കാളുകുട്ടിയമ്മ ചെറിയ താഴ്ചയിൽ നിന്ന് മുകളിലേക്ക് കയറി ആണ് വന്നത് എന്നും ടിയാരി ഹൈവേയുടെ പകുതി ക്രോസ് ചെയ്തു കഴിഞ്ഞിരുന്നു എന്നും കാണാം. ധാരാളം വണ്ടികൾ ഹൈവേയിൽ പോയിരുന്നില്ല. ഒരു കാൽനടയാത്രക്കാരൻ പെട്ടെന്ന് ഒരു ഹൈവേയിൽ താഴ്ന്ന നിലയിൽ നിന്ന് സീബ്രാ ക്രോസ്സിങ്ങിൽ കൂടെ അല്ലാതെയും ഗതാഗത സുരക്ഷ ഉറപ്പാക്കാതെയും റോഡ് മുറിച്ച കടക്കുകയും അപകടം ഉണ്ടാകുകയും ചെയ്താൽ ഡ്രൈവറുടെ അശ്രദ്ധ വ്യക്തമായി തെളിയിക്കപ്പെട്ടിട്ടില്ലെങ്കിൽ അത് സംഭാവന പരമായ അശ്രദ്ധ ആയി കണക്കാക്കപ്പെടേണ്ടിയിരിക്കുന്നു.

33. ഇത്തരം ഒരു അശ്രദ്ധ മരണപ്പെട്ട ആളുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുണ്ടെങ്കിൽ പ്രതിയുടെ മേൽ കുറ്റം ചുമത്താൻ കഴിയില്ല. മാത്രവുമല്ല, സംഭവ സ്ഥല മഹസർ കൊണ്ടോ മറ്റേതെങ്കിലും രേഖകൾ കൊണ്ടോ മൊഴി കൊണ്ടോ പ്രതി വാഹനം തെറ്റായ ദിശയിലോ വശത്തുടെയോ ആണ് വന്നത് എന്നും കാണാൻ കഴിയില്ല.

34. Ext.P6 പോസ്റ്റ്മോർട്ടം റിപ്പോർട്ട് കൊണ്ട് തലയ്ക്കും ലിവറിനും ഉണ്ടായ പരിക്കാണ് മരണകാരണമെന്നു കാണാമെന്നും ടി പരിക്ക് വാഹനാപകടത്തിൽ ഉണ്ടായത് ആകാം എന്നും PW8 മൊഴി നൽകിയിട്ടുണ്ട് എങ്കിലും ആയത് പ്രതി അശ്രദ്ധമായും അപകടകരമായും മനുഷ്യ ജീവന് അപകടം ഉണ്ടാക്കുന്ന വിധത്തിലും വാഹനം ഓടിച്ച് വന്നു ഉണ്ടായ അപകടം കൊണ്ടാണ് എന്ന് കാണാൻ സാധിക്കില്ല.

35. അപകടം ഉണ്ടായി എന്നും മരണം സംഭവിച്ചു എന്നും തെളിയിക്കാൻ പ്രോസിക്യൂഷന് കഴിഞ്ഞിട്ടുണ്ട്. പ്രതിയുടെ ഐഡന്റിറ്റി കോടതിയിൽ പ്രതികൂട്ടിൽ നിൽക്കുന്നുണ്ട് എന്ന് മാത്രമാണ് ഉള്ളത്. സംഭവത്തിനു ശേഷം പ്രതിയെ കാണിച്ച് തിരിച്ചറിഞ്ഞിട്ടില്ല. പ്രതി ഭാഗത്തുനിന്നുള്ള അമിത വേഗത, അശ്രദ്ധ എന്നിവ സംശയാതീതമായി തെളിയിക്കപ്പെട്ടിട്ടില്ല. അതെ സമയം മരണപ്പെട്ട ആളുടെ ഭാഗത്ത് നിന്ന് സംഭാവന പരമായ അശ്രദ്ധ ഉണ്ടായിട്ടുണ്ട് എന്ന സംശയം

കൊണ്ടുവരാൻ പ്രതിഭാഗത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംശയത്തിന്റെ ആനുകൂല്യവും ലഭിക്കാൻ പ്രതിക്ക് അവകാശമുണ്ട്.

36. മേൽ പറഞ്ഞതിന്റെ എല്ലാം അടിസ്ഥാനത്തിൽ, പ്രോസിക്യൂഷൻ പ്രതിക്കെതിരെ ചുമത്തിയ കുറ്റങ്ങൾ സംശയാതീതമായി തെളിയിക്കുന്നതിൽ പരാജയപ്പെട്ടതായി ഈ കോടതി കണ്ടെത്തിയിരിക്കുന്നു. ആയതിനാൽ ക്രിമിനൽ നിയമത്തിന്റെ അടിസ്ഥാന സിദ്ധാന്തമായ സംശയത്തിന്റെ പ്രയോജനം പ്രതിക്ക് നൽകേണ്ടതായതിനാൽ, പ്രതിയെ കുറ്റകാരൻ അല്ല എന്ന് കണ്ടെത്തിയിരിക്കുന്നു. ആയതിനാൽ മേൽ പ്രതിപാദിച്ച ഒന്നു മുതൽ രണ്ടു വരെ സംഗതികൾ പ്രോസിക്യൂഷന് എതിരായി കണ്ടിട്ടുള്ളതാണ്.

37. **<u>മൂന്നാം സംഗതി :-</u>** ഒന്നു മുതൽ രണ്ടു വരെയുള്ള സംഗതികളിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പ്രതി ഇന്ത്യൻ ശിക്ഷാ നിയമം 279, 304A വകുപ്പുകൾ പ്രകാരമുള്ള കുറ്റം ചെയ്തിട്ടില്ല എന്ന് കണ്ടെത്തി, പ്രതിയെ ഭാരതീയ നാഗരിക സുരക്ഷാ സംഹിതയുടെ 278(1)-വകുപ്പ് പ്രകാരം കുറ്റവിമുക്തനാക്കിയിരിക്കുന്നു. പ്രതിയുടെ ജാമ്യകൈച്ചീട്ട് റദ്ദായിരിക്കുന്നു. പ്രതിയെ നിരുപാധികം സ്വതന്ത്രനാക്കി വിട്ടയക്കുന്നു.

38. ഈ വിധിക്കെതിരായി ആക്ഷേപമുണ്ടെങ്കിൽ 30 ദിവസത്തിനകം ബഹുമാനപ്പെട്ട പാലക്കാട് സെഷൻസ് കോടതിയിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(ഞാൻ പറഞ്ഞുകൊടുത്ത പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് എഴുതിയെടുത്ത് കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്ത് ഞാൻ തിരുത്തി ഇന്ന് 2026 മാർച്ച് മാസം 28-ആം തിയതി തയ്യാറാക്കി തുറന്ന കോടതിയിൽ വിധി പ്രസ്താവിച്ചിരിക്കുന്നു)

Sd/-

ധനുജ വെട്ടത്ത്

ന്യായാധികാരി

ഗ്രാമ ന്യായാലയ, തേങ്കുറിശ്ശി.

# അനുബന്ധം

## വിചാരണഭാഗം/പ്രതിഭാഗം/കോടതിഭാഗം സാക്ഷികളുടെ പട്ടിക

### ക്രിമിനൽ നടപടി നിയമം റൂൾ 134

### 1. വിചാരണഭാഗം സാക്ഷികൾ

| ക്രമം | പേര് | ദൃക്സാക്ഷി/പോലീസ്/ വിദഗ്ധൻ/ മെഡിക്കൽ/ മറ്റുള്ളവർ |
|---|---|---|
| PW1/CW1 | അരുൺ, 26 വയസ്സ്, രാധാകൃഷ്ണൻ മകൻ, കുന്നിൽ വീട്, കുനിശ്ശേരി, പാലക്കാട് | അന്യായക്കാരൻ |
| PW2/CW2 | വിജയകുമാർ, 58 വയസ്സ്, കുഞ്ചൻ മകൻ, കുന്നംപ്പുള്ളി വീട്, ചിതലി, പാലക്കാട് | ദൃക്സാക്ഷി |
| PW3/CW3 | വാസുദേവൻ, 57 വയസ്സ്, ചാമി മകൻ, കുന്നംപ്പുള്ളി വീട്, ചിതലി, പാലക്കാട് | ദൃക്സാക്ഷി |
| PW4/CW4 | കണ്ണൻ, കുഞ്ചു മകൻ, കോട്ടക്കാട് വീട്, ചിതലി, പാലക്കാട് | ഇൻക്വസ്റ്റ് സാക്ഷി |
| PW5/CW14 | ജിതിൻ, 28 വയസ്സ്, സ്വാമി മകൻ, കുന്നംപ്പുള്ളി വീട്, ചിതലി, പാലക്കാട് | മഹസ്സർ സാക്ഷി |
| PW6/CW16 | ഡോ. ലേഖ പ്രദീപ്, കൺസൾട്ടിങ് മെഡിക്കൽ ഓഫീസർ, ക്രെസന്റ് ഹോസ്പിറ്റൽ, ആലത്തൂർ | മെഡിക്കൽ |
| PW7/CW15 | സമീഷ് കെ.എസ്., മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, S.R.T. ഓഫീസ്, ആലത്തൂർ | വിദഗ്ധൻ |
| PW8/CW17 | ഡോ. പ്രീത, ജൂനിയർ മെഡിക്കൽ കൺസൾട്ടന്റ്, THQ ഹോസ്പിറ്റൽ, ആലത്തൂർ | മെഡിക്കൽ |
| PW9/CW19 | നിർമൽ ദാസ് എ., വില്ലേജ് ഓഫീസർ, കുഴൽമന്ദം 1 | മറ്റുള്ളവർ |
| PW10/CW20 | ഉമ്മർ എസ്, സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, കുഴൽമന്ദം പോലീസ് സ്റ്റേഷൻ | പോലീസുദ്യോഗസ്ഥൻ |
| PW11/CW21 | അനിൽകുമാർ പി., സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, കുഴൽമന്ദം പോലീസ് സ്റ്റേഷൻ | പോലീസുദ്യോഗസ്ഥൻ |

| | | |
|---|---|---|
| PW12/CW22 | സോമൻ എ. എസ്, സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, കുഴൽമന്ദം പോലീസ് സ്റ്റേഷൻ | പോലീസുദ്യോഗസ്ഥൻ |

2. **പ്രതിഭാഗം സാക്ഷികൾ : ഇല്ല**

3. **കോടതി സാക്ഷികൾ : ഇല്ല**

**വിചാരണഭാഗം/പ്രതിഭാഗം/കോടതിഭാഗം അക്കമിട്ട രേഖകൾ**

4. **വിചാരണഭാഗം അക്കമിട്ട രേഖകൾ**

| ക്രമ നമ്പർ | രേഖകൾ |
|---|---|
| P1/PW1 | പ്രഥമ വിവരണ പ്രസ്താവന, തിയതി 14.03.2024 |
| P2/PW4 | ഇൻക്വസ്റ്റ് റിപ്പോർട്ട്, തിയതി 15.03.2024 |
| P3/PW5 | സീൻ മഹസ്സർ, തിയതി 15.03.2024 |
| P4/PW6 | മുറിപതുക്ക് സർട്ടിഫിക്കറ്റ്, തിയതി 12.06.2024 |
| P5/PW7 | KL 70 A 9802 നമ്പർ വാഹനത്തിന്റെ എംവിഐ റിപ്പോർട്ട, തിയതി 23.05.2024 |
| P6/PW8 | പോസ്റ്റ്മോർട്ടം റിപ്പോർട്ട്, തിയതി 15.03.2024 |
| P7/PW9 | സീൻ പ്ലാൻ, തിയതി 23.09.2024 |
| P8/PW10 | എഫ് ഐ ആർ, തിയതി 14.03.2024 |
| P9/PW11 | അറസ്റ്റ് മെമ്മോ, തിയതി 23.03.2024 |
| P10/PW11 | ബെയിൽ ബോണ്ട്, തിയതി 23.03.2024 |
| P11/PW11 | പ്രതിയുടെ പൂർണ്ണമായ പേരും വിലാസവും ചേർക്കുന്നതിനുള്ള റിപ്പോർട്ട്, തിയതി 23.03.2024 |
| P12/PW11 | KL 70 A 9802 നമ്പർ വാഹനത്തിന്റെ വെഹിക്കിൾ പെർട്ടിക്കുലേഴ്സ് |
| P13/PW11 | KL 70 A 9802 നമ്പർ വാഹനത്തിന്റെ കച്ചീട്ട്, തിയതി 23.03.2024 |

5. **പ്രതിഭാഗം അക്കമിട്ട രേഖകൾ** **:ഇല്ല**

6. **കോടതിഭാഗം അക്കമിട്ട രേഖകൾ :** **ഇല്ല**

7. **വിചാരണഭാഗം ഹാജരാക്കിയ മുതലുകൾ :** **ഇല്ല**

Sd/-

ധനുജ വെട്ടത്ത്
ന്യായാധികാരി,
ഗ്രാമ ന്യായാലയ, തേങ്കുറിശ്ശി.

//True Copy//

ധനുജ വെട്ടത്ത്
ന്യായാധികാരി,
ഗ്രാമ ന്യായാലയ, തേങ്കുറിശ്ശി.